ഡി3-3155/2014/ഡി.ഐ.എം.എസ്

ഡയറക്ടറേറ്റ് ഓഫ്
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
തിരുവനന്തപുരം-14.

തീയതി.01.07.2014

## നോട്ടീസ്

വിഷയം- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്- അനധികൃത ഹാജരില്ലായ്മ എൽ.ഡി.ക്ലാർക്കായ ശ്രീമതി.വി.ഗീതാദേവി - ക്കെതിരായ അച്ചടക്ക നടപടി- സംബന്ധിച്ച്.

സൂചന-1. 6.5.2014-ലെ ഈ ആഫീസിലെ ഇതേ നമ്പർ കുറ്റപത്രം.
2. 6.6.2014-ലെ ഈ ആഫീസിലെ ഇതേ നമ്പർ നോട്ടീസ്.

.........

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ എൽ.ഡി.ക്ലാർക്കായ ശ്രീമതി.വി.ഗീതാദേവി എന്ന താങ്കൾ ആലുവ നം.2 ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ജോലി ചെയ്തുവരവെ 2.05.2007 മുതൽ 2 വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയുണ്ടായി. പ്രസ്തുത അനുവദനീയ അവധി കഴിഞ്ഞ് 02.05.2009-ന് ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്നെങ്കിലും താങ്കൾ ജോലിയിൽ പ്രവേശിക്കുകയോ ജോലിയിൽ പ്രവേശിക്കാതിരിക്കുന്നതിനുള്ള കാരണം ബോധിപ്പിക്കുകയോ ചെയ്യുകയ്യുണ്ടായില്ല. എത്രയും പെട്ടെന്ന് ജോലിയിൽ പ്രവേശിക്കുന്നതിനായി റിപ്പോർട്ട് ചെയ്യണമെന്നും നിർദ്ദേശിച്ചുകൊണ്ട് രജിസ്റ്റേർഡ് തപാൽ മുഖാന്തിരം അയച്ച കത്ത് താങ്കൾ കൈപറ്റുകയുണ്ടായില്ല.. തുടർന്ന് അച്ചടക്ക നടപടിയുടെ ഭാഗമായി താങ്കളെ സർവ്വീസിൽ നിന്നും സസ്പെൻഡു ചെയ്യുകയും സൂചന (1) പ്രകാരം കുറ്റപത്രം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. രജിസ്റ്റേർഡ് തപാൽ മുഖാന്തിരം അയച്ച കുറ്റപത്രം **'ഡോർ ലോക്ക്ഡ്'** എന്ന കുറിപ്പോടെ തപാൽ വകുപ്പ് തിരികെ അയയ്ക്കുകയുണ്ടായി.. തുടർന്ന് താങ്കൾക്കെതിരെ പുറപ്പെടുവിച്ച കുറ്റപത്രം എത്രയും പെട്ടെന്ന് ഈ ആഫീസിലെത്തി കൈപറ്റണമെന്ന് അറിയിച്ചുകൊണ്ട് സൂചന (2) പ്രകാരം നോട്ടീസ് പുറപ്പെടുവിക്കുകയുണ്ടായി. ടി നോട്ടീസ് **' അൺക്ലയിമ്ഡ് '** എന്ന കുറിപ്പോടെ തപാൽ വകുപ്പ് തിരികെ അയക്കുകയുണ്ടായി

...2...

ഈ സാഹചര്യത്തിൽ ഈ നോട്ടീസ് വകുപ്പ് വെബ്സെറ്റിൽ പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം ഈ ആഫീസിലെത്തി കുറ്റപത്രം കൈപറ്റേണ്ടതാണ് അല്ലാത്ത പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ തുടർനടപടികൾ സ്ഥീകരിക്കുന്നതാണ്.

ഡോ.എം.ബീനത്ത്
ഡയറക്ടർ
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്

ശ്രീമതി.വി.ഗീതാദേവി
ഫച്ചേഫ്, (Phacheph)
സൗപർണ്ണിക, മഹിളാ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് എതിർവശം,
മൂകാംബിക റോഡ്, നോർത്ത് പരവൂർ, എറണാകുളം.